അപമാനിക്കപ്പെട്ട സംഭവത്തിൽ, കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ ; ആർക്കെല്ലാം എതിരായിട്ടായിരുന്നു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നത് ; കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ?

ഉത്തരം

ഇതുസംബന്ധിച്ച് കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 2249/2013 നമ്പർ കേസ് Sec.157(b)CrPC പ്രകാരം തുടർന്ന് അന്വേഷണം നടത്തേണ്ടതില്ല എന്ന് കാണുകയാൽ റഫർ ചാർജ് ബഹുമാനപ്പെട്ട കോടതിക്ക് സമർപ്പിച്ചിട്ടുണ്ട്. ടി കേസ്സിൽ മുൻ എം.പി. ശ്രീ. പീതാംബരകുറുപ്പ്, ശ്രീ. വേണുനാഥൻ പിള്ള @ അഷ്ടമുടി വേണു എന്നിവരെ പ്രതി ചേർത്തിരുന്നു.

സുരക്ഷാക്രമീകരണങ്ങളുടെ ഭാഗമായുള്ള സി.സി.ടി.വി. ദൃശ്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നത് സംബന്ധിച്ച്

188 (3008) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കറ്റകൃത്യങ്ങൾ തടയുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനുമായി സർക്കാർ വിവിധ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി.കളിൽ ശേഖരിക്കപ്പെടുന്ന ദൃശ്യങ്ങൾ സി.ഡി.കളിലാക്കി സൂക്ഷിക്കാറുണ്ടോ ;

(ബി) ഇത് സംബന്ധമായി ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

(സി) സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായുള്ള സി.സി.ടി.വി. ദൃശ്യങ്ങൾ ശേഖരിച്ചു സൂക്ഷിക്കുന്നത് പിന്നീട് ഉണ്ടാകുന്ന അന്വേഷണങ്ങൾക്ക് പ്രയോജനപ്പെടുത്താറുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) സി.സി.ടി.വി. ദൃശ്യങ്ങൾ സി.ഡി.യിലാക്കി സൂക്ഷിക്കാറില്ല. നിലവിൽ 15 ദിവസം മുതൽ 30 ദിവസം വരെ ക്യാമറ ദൃശ്യങ്ങൾ സ്വയമേതന്നെ കമ്പ്യൂട്ടറിന്റെ ഹാർഡ് ഡിസ്കിൽ റെക്കോർഡാകുകയും കൂടുതൽ ദൃശ്യങ്ങൾ റെക്കോർഡ് ചെയ്യുന്ന മുറയ്ക്ക് പഴയ ദൃശ്യങ്ങൾ തനിയെ മാഞ്ഞു പോകുന്നതുമാണ്. സി.സി.ടി.വി. ദൃശ്യങ്ങൾ സി.ഡി.കളിലാക്കി സൂക്ഷിക്കുന്നത് സംബന്ധിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രയോജനപ്പെടുത്താറുണ്ട്. സി.സി.ടി.വി. ദൃശ്യങ്ങൾ റെക്കോർഡ് ചെയ്ത് സൂക്ഷിക്കുവാൻ സാങ്കേതികമായി സാധിക്കുമെങ്കിലും കൂടുതൽ ദൃശ്യങ്ങൾ റെക്കോർഡ് ചെയ്യുന്ന മുറയ്ക്ക് പഴയ ദൃശ്യങ്ങൾ താനേ മാഞ്ഞു പോകുന്നതാണ്.

ബാർ കോഴക്കേസ്

189 (3009) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാർ കോഴക്കേസ്സിൽ ക്വിക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വിജിലൻസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത് ഏത് തീയതിയിലായിരുന്നു ; പ്രസ്തുത ക്വിക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

ബാർ കോഴക്കേസ്സിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 10-12-2014-ൽ പ്രഥമ വിവരറിപ്പോർട്ട് രജിസ്റ്റർ ചെയ്തു. പ്രസ്തുത കേസ് കോടതിയുടെ പരിഗണനയിലാണ്.

ടിപ്പർ ലോറി അപകടങ്ങൾ

190 (3010) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ടിപ്പർ ലോറികളുമായി ബന്ധപ്പെട്ടുള്ള എത്ര അപകടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം ജില്ലതിരിച്ച് വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(ബി) ടിപ്പർ ലോറി അപകടവുമായി ബന്ധപ്പെട്ട് എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന വിവരം ജില്ലതിരിച്ച് വാർഷിക ക്രമത്തിൽ അറിയിക്കുമോ ;

(സി) ടിപ്പർ ലോറികളുടെ അമിത വേഗതമൂലം വർദ്ധിച്ചുവരുന്ന അത്യാഹിതങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 3,039 അപകടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly